പാലക്കാട്
web: www.thurannakathu.com

11
വെള്ളി
ജനുവരി 2019
1194 ധനു 27

തുറന്ന കത്ത്

നിഷ്പക്ഷതയുടെ സാക്ഷ്യപത്രം

ഫോൺ: 0491-2501984, 2527777, 9447178984,9447078984. E-mail:tkdpkd@gmail.com, : thurannakathu palakkad P.B. No: 58

Estd: 1984 ● 'Registered': No.PGT/049/2018-2020 ● പുസ്തകം 34 ● ലക്കം 24 ● Member News Papers Association Of India ● RNI. Reg. No: 36217/84 ● വില 3 രൂപ ● പേജ് 4

Abdul Razack
+91 9037180405
പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ ബിരിയാണി സെന്റർ
NMR
BIRIYANI HOUSE
ഗുണമേന്മയുള്ള ബിരിയാണി രുചിയേറും സ്വാദോടെ മിതമായ നിരക്കിൽ
FAMILY RESTAURANT
Near Stadium Bus Stand, Palakkad
Ph: 04912 544044, 09037 544044
www.nmrbiriyani.com

സൂര്യനമസ്കാര യജ്ഞവും മാസിക യോഗാചരണവും

പാലക്കാട്: വിശ്വയോഗ ദിനാചരണ സമിതി സംഘടിപ്പിക്കുന്ന സൂര്യനമസ്കാര യജ്ഞവും മാസിക യോഗാചരണവും ഈ മാസം 15, 21 തിയതികളിൽ പാലക്കാട് കോട്ടമൈതാനിയിൽ നടക്കും. മകരസംക്രമ സൂര്യനമസ്കാര യജ്ഞം ഈ മാസം 15 ന് രാവിലെ 6.15 ന് ആരംഭിച്ച് 8 മണിയോടെ സമാപിക്കും. അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ചുള്ള മാസിക യോഗാദിനാചരണം ഈ മാസം 21 ന് രാവിലെ 6.30മുതൽ 7.30 വരെ കോട്ടമൈതാനിയിൽ നടക്കുമെന്ന് വിശ്വയോഗദിനാചരണ സമിതി ജനറൽ കൺവീനർ പി പ്രഭാകരൻ, കോർഡിനേറ്റർ വിജയകുമാരൻ കെ , സി കെ ഗോപാലകൃഷ്ണൻ, വെള്ളിനേഴി കെ സി സജീന്ദ്രൻ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

സിറ്റിസൺസ് ഫോറം(കേരള) സംസ്ഥാന സമ്മേളനം ഈമാസം 14ന്

പാലക്കാട്: സിറ്റിസൺസ് ഫോറം(കേരള)യുടെ സംസ്ഥാന സമ്മേളനം ഈമാസം 14ന്. കല്ലേക്കാട് മലബാർ എജ്യുക്കേഷൻ സൊസൈറ്റി ഹാളിൽ (രാജീവ്ഗാന്ധി കോപ്പറേറ്റീവ് ഹോസ്പിറ്റൽ) നടക്കും. രാവിലെ 10 ന് പ്രതിനിധി സമ്മേളനവും ഉച്ചക്ക് 12 ന് ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും എന്ന വിഷയത്തിൽ ക്വിസ് മത്സരവും സംഘടിപ്പിക്കും.ഉച്ചക്ക് 2 ന് ചേരുന്ന പൊതുസമ്മേളനം റിട്ട.ജസ്റ്റീസ് കമാൽപാഷ നിർവ്വഹിക്കും. ഏകീകൃത സിവിൽ കോഡിന്റെ കാലിക പ്രസക്തി എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണവും നടത്തും.

സിറ്റിസൺസ് ഫോറം കേരള ഏർപ്പെടുത്തിയ ബെസ്റ്റ് സിറ്റിസൺ ഓഫ് ദ സ്റ്റേറ്റ് അവാർഡ് ഡോ രഘുനാഥ് പാറയ്ക്കലിന് നൽകും. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ജില്ലയിൽ പ്രവർത്തനമാരംഭിക്കുന്ന സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റിന്റെ ഉദ്ഘാടനവും അന്ന് നടക്കും. ചടങ്ങിൽ സിറ്റിസൺസ് ഫോറം (കേരള) സംസ്ഥാന പ്രസിഡന്റ് അഡ്വ. ആർ പി ശ്രീനിവാസൻ അധ്യക്ഷത വഹിക്കും. പ്രമുഖ സാഹിത്യനിരൂപകൻ ആഷ മേനോൻ, രാജീവ് ഗാന്ധി കോപ്പറേറ്റീവ് ഹോസ്പിറ്റൽ ചെയർമാൻ കെ എ ചന്ദ്രൻ എന്നിവർ വിശിഷ്ടാതിഥികളായിരിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് ആർ പി ശ്രീനിവാസൻ, ജനറൽ സെക്രട്ടറി ജിമ്മി പീറ്റർ, സംഘാടകസമിതി ജനറൽ കൺവീനർ വി പി രാധാകൃഷ്ണൻ തിരുവനന്തപുരം ജില്ലാ കോർഡിനേറ്റർ അനീഷ് നായർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഓൺലൈൻ പ്ലാൻ അട്ടിമറിക്കെതിരെ ലെൻസ്ഫെഡ് പ്രക്ഷോഭത്തിലേക്ക്

പാലക്കാട്: ഫ്രീ സോഫ്റ്റ്‌വെയർ നിർത്തലാക്കി പെയ്ഡ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലും പരിചയമില്ലാത്തവരെ ട്രയിനർമാരായി നിയമിച്ച് നഗരസഭകളിലെ ഓൺലൈൻ പ്ലാൻ അപേക്ഷകൾ അട്ടിമറിക്കുന്നതിലും പ്രതിഷേധിച്ച് ലൈസൻസ്ഡ് എഞ്ചിനീയേഴ്സ് & സൂപ്പർവൈസേഴ്സ് ഫെഡറേഷൻ (ലെൻസ്ഫെഡ്) 16ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തുന്നു.

നഗരസഭ കെട്ടിട നിർമ്മാണങ്ങൾക്കുള്ള പ്ലാൻ സ്വീകരിച്ചിരുന്നത് സങ്കേതം എന്ന സോഫ്റ്റ്‌വെയർ മുഖേനയായിരുന്നു. എന്നാൽ കഴിഞ്ഞ ഡിസംബർ ആദ്യ ആഴ്ച മുതൽ യാതൊരു മുന്നൊരുക്കങ്ങളും ഇല്ലാതെ സങ്കേതം നിർത്തലാക്കിയതാണ് പ്രതിസന്ധിക്ക് തുടക്കമായത്.

കേരള സർക്കാർ പുതിയ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഒന്നരമാസമായി നഗരസഭയിൽ പ്ലാനുകൾ സ്വീകരിക്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്. പുതിയ സോഫ്റ്റ്‌വെയർ വരുന്നതോടെ നഗരസഭാ ഓഫീസുകളിൽ ഓരോകമ്പ്യൂട്ടറുകളിലും 75,000 രൂപ വിലയുള്ള സോഫ്റ്റ്‌വെയർ ആവശ്യമായി വരുന്നു. നഗരസഭകൾക്ക് വൻ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുന്നു എന്നു മാത്രമല്ല. സാധാരണക്കാരുടെ വീട് എന്ന സ്വപ്നത്തിന് തിരിച്ചടിയായി ആദ്യഘട്ടത്തിൽ വൻ ചിലവു വരുത്തി വെയ്ക്കുമെന്നാണ് ലെൻസ് ഫെഡിന്റെ പരാതി.

നഗരസഭയിൽ ഒരു പ്ലാൻ നൽകുന്നതിന് ഇപ്പോൾ 4000 രൂപയിൽ താഴെ മാത്രമാണ് അപേക്ഷകന് ചെലവു വരുന്നത്. എന്നാൽ പുതിയ സോഫ്റ്റ്‌വെയർ എത്തുന്നതോടെ ചിലവ് മൂന്നും നാലും ഇരട്ടിയായി വർധിക്കുമെന്നും അധികൃതർ അറിയിച്ചു.

പുതിയ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ഓരോ എഞ്ചിനീയറും പ്രതിവർഷം ഒരു കമ്പ്യൂട്ടറിന് കുറഞ്ഞത് 75,000 രൂപ അധികം കണ്ടെത്തേണ്ടി വേണ്ടി വരുന്നു എന്നതാണ് ഒരു കാരണം. മാത്രമല്ല പുതിയ സോഫ്റ്റ്‌വെയറിൽ പരിജ്ഞാനം ഉള്ളവർ കുറവായതും പ്രശ്നം സൃഷ്ടിക്കുന്നു. ഒന്നര മാസമായി പരിശീലനം തുടരുന്നതല്ലാതെ പ്ലാൻ നൽകേണ്ട സോഫ്റ്റ്‌വെയറിൽ അറിവുള്ളവർ ഇല്ലെന്നതാണ് ഏറ്റവും വലിയ പ്രതിസന്ധിയെന്നും ലെൻസ്ഫെഡ് ഭാരവാഹികൾ അറിയിച്ചു.

കഴിഞ്ഞ ദിവസം നടത്തിയ ട്രെയിനിംഗ് ക്ലാസ്സ് എഞ്ചിനിയർമാർ ബഹിഷ്കരിക്കുകയും ചെയ്തു. പ്രായോഗിക ബുദ്ധിമുട്ടുകളും സാമ്പത്തികമായുണ്ടാകുന്ന അധികചെലവും കണക്കിലെടുത്താണ് എഞ്ചിനിയർമാർ ട്രെയിനിംഗ് ക്ലാസ്സ് ബഹിഷ്കരിച്ചത്. സർക്കാർ നടപ്പിലാക്കുന്ന പുതിയ സോഫ്റ്റ്‌വെയർ സുതാര്യമായ രീതിയിൽ നടപ്പിലാക്കണമെന്നും ഫ്രീ സോഫ്റ്റ് വെയർ പരാതികൾ പരിഹരിച്ച് നഗരസഭയിൽ പുനസ്ഥാപിക്കണമെന്നും ഇവർ ആവശ്യപ്പെടുന്നു. പത്ര സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ആർ കെ മണി ശങ്കർ, ജില്ലാ പ്രസിഡന്റ് എം വി കണ്ണൻ, ജില്ലാ കമ്മിറ്റിയംഗം രാജേഷ്, ഏരിയാ സെക്രട്ടറി ജനാർദ്ദനൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

അട്ടപ്പാടി ആദിവാസി പദ്ധതികൾ മന്ത്രി എ. സി മൊയ്തീൻ ഉദ്ഘാടനം ചെയ്തു

അഗളി: അട്ടപ്പാടിയിലെ ആദിവാസി സമഗ്ര വികസന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം അഗളി കില ക്യാമ്പസിൽ ഇന്ന് രാവിലെ 11.30ന് മന്ത്രി എ.സി മൊയ്തീൻ ഉദ്ഘാടനം ചെയ്തു.

എൻ. ഷംസുദ്ദീൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. യൂത്ത് ക്ലബുകൾക്കുള്ള സഹായ വിതരണോദ്ഘാടനം എം.ബി. രാജേഷ് എം.പിയും ന്യായസമിതി ലോഗോ പ്രകാശനം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈശ്വരിരേശനും നിർവഹിച്ചു.

പൊതുമേഖലയിലെ തൊഴിലിടങ്ങളിലേക്ക് അഭ്യസ്തരായ ആദിവാസി യുവതയെ എത്തിക്കാൻ സഹായകരമാവുന്ന പി.എസ്.സി പരിശീലന കേന്ദ്രം, ഭക്ഷ്യസേവന രംഗത്ത് അട്ടപ്പാടിയുടെ തനത് രുചികൾ മറ്റുള്ളവരിലേക്ക് എത്തിക്കാനായുള്ള കാറ്ററിങ് പരിശീലനം, യൂത്ത് ക്ലബുകളുടെ അടിസ്ഥാന സൗകര്യവികസനം, ന്യായസമിതികളുടെ വിപുലീകരണം എന്നിവയുടെ ഉദ്ഘാടനമാണ് നടക്കുക. പ്രദേശത്തെ മുഴുവൻ ഊരുകളിലെയും ആദിവാസി ജനതയുടെ ജീവിതം മികവുറ്റതാക്കാനാണ് സർക്കാർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ജില്ലാ പഞ്ചായത്തംഗം രാധാകൃഷ്ണൻ, ബ്ലോക്ക് -ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ പങ്കെടുത്തു.

അഗളി ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ടൗൺ ഹാൾ വ്യവസായ മന്ത്രി എ.സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

എംഎസ്എം ജില്ലാ ഹൈസെക് മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും

പാലക്കാട്: കെഎൻഎം വിദ്യാർത്ഥി വിഭാഗമായ മുജാഹിദ് സ്റ്റുഡന്റ്സ് മൂവ്മെന്റ് (എംഎസ്എം) പാലക്കാട് ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന ഹയർസെക്കന്ററി വിദ്യാർത്ഥി സമ്മേളനം നാളെ തത്തമംഗലം രാജീവ്ഗാന്ധി കൺവെൻഷൻ സെന്ററിൽ നടക്കും. രാവിലെ 9 ന് ആരംഭിക്കുന്ന സമ്മേളനം മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. കെഎൻഎം സംസ്ഥാന ജനറൽ സെക്രട്ടറി പി പി ഉണ്ണീൻകുട്ടി മൗലവി അധ്യക്ഷത വഹിക്കും. ഉദ്ഘാടന സെഷനിൽ കെഎൻഎം സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ ഹുസൈൻ മടവൂർ, ചിറ്റൂർ-തത്തമംഗലം മുനിസിപ്പൽ ചെയർമാൻ കെ മധു, കെ അച്യുതൻ എൻഎംഎം ഇസാഖ് മൗലവി, പി ഉമർ മാസ്റ്റർ, മുഹമ്മദലി അൻസാരി, സെയ്ഫ്ദീൻ സ്വലാഹി, അക്ബർ സ്വലാഹി, ടി പി റിയാസ് സ്വലാഹി, സാനിർ എന്നിവർ സംസാരിക്കും. സുപഥം സെഷനിൽ കാസിം മാസ്റ്റർ അധ്യക്ഷത വഹിക്കും. ഷെരീഫ് മേലേതിൽ, ജംഷീർ ഫാറൂഖി, ഉനൈസ് പാപ്പിനിശ്ശേരി, അബ്രാർ കെ ജെ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. നീർപഥം സെഷനിൽ ടി എ നൂർമുഹമ്മദ് അധ്യക്ഷത വഹിക്കും. അലി ഷാക്കീർ മുണ്ടേരി, ഷാഹിദ് മുസ്ലീം ഫാറൂഖി, നവാസ് സ്വലാഹി എന്നിവർ സംസാരിക്കും. ഉച്ചക്ക് ശേഷം നടക്കുന്ന തുറന്ന സംവാദത്തിന് മുസ്തഫ തൻവീർ, സദാദ് അബ്ദുസമദ്, നാസീം പൂക്കാടഞ്ചേരി എന്നിവർ നേതൃത്വം നൽകും. എംഎസ്എം സംസ്ഥാന പ്രസിഡന്റ് ജലീൽ മാമാങ്കര സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് എം എം ഇക്ബാൽ അധ്യക്ഷത വഹിക്കും. ഐഎസ്എം സംസ്ഥാന സെക്രട്ടറി പി കെ സകരീയ്യ സ്വലാഹി, ഷിഹാബ് തൊടുപുഴ, ബഷീർ മാസ്റ്റർ, ഫൈസൽ അൻസാരി, ആഷിക് തത്തമംഗലം എന്നിവർ സംസാരിക്കുമെന്ന് എൻഎംഎം ഇസാഖ് മൗലവി, സി കാസിം മാസ്റ്റർ, എം എം ഇക്ബാൽ, നൗഫൽ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

വ്യാജ മാര്യേജ് ബ്രോക്കർമാരെ പിടികൂടണം

പാലക്കാട്: സാധാരണക്കാർക്ക് വ്യാജ വിവരങ്ങൾ നൽകി വിവാഹബന്ധം തരപ്പെടുത്തിക്കൊടുക്കുന്ന വ്യാജ മാര്യേജ് ബ്രോക്കർമാരെ പിടികൂടണമെന്ന് കേരള സ്റ്റേറ്റ് മാര്യേജ് ബ്യൂറോ ആന്റ് ഏജന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. വ്യാജ ബ്രോക്കർമാർ കൊടുക്കുന്ന തെറ്റായ വിവാഹകുറുപ്പുകൾ കാരണം കുടുംബബന്ധങ്ങൾ ശിഥിലമാവുകയാണെന്നും ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ കൃഷ്ണാർജ്ജുനൻ അധ്യക്ഷത വഹിച്ചു. വേശു, കുമാർ, ലക്ഷ്മി, രാധാകൃഷ്ണൻ, വേശ നൊച്ചിക്കാട്, കൃഷ്ണൻ, ചന്ദ്രൻ എന്നിവർ സംസാരിച്ചു.

ഡയലോഗ് അന്താരാഷ്ട്ര ചലച്ചിത്രോത്സവം 19ന് തുടങ്ങും

പാലക്കാട്: ഡയലോഗ് അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഈ മാസം 19 മുതൽ 22 വരെ ഒറ്റപ്പാലത്ത് നടക്കും. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ഫെഡറേഷൻസ് ഓഫ് ഫിലിംസൊസൈറ്റി ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെയാണ് ചലച്ചിത്രോത്സവം സംഘടിപ്പിച്ചിട്ടുള്ളത്. ലക്ഷ്മി തിയറ്റർ, ഫൺ സിറ്റി തിയറ്റർ, മൃണാൾസെൻ ഓപ്പൺ തിയറ്റർ എന്നിവിടങ്ങളിലാണ് പ്രദർശനങ്ങൾ. നാലുദിവസങ്ങളിലായി 10 ഷോർട്ട് ഫിലിമുകളും 2 ഡോക്യുമെന്ററികളും 31 ഫീച്ചർ സിനിമകളുമാണ് പ്രദർശിപ്പിക്കുന്നത്. ജനുവരി 19ന് വൈകിട്ട് 4.30 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ എം ബി രാജേഷ് എംപി, ഇന്ദ്രൻസ്, ആർ പി അമുദൻ, ചെമ്പൻ വിനോദ്, അനിൽ രാധാകൃഷ്ണൻ മേനോൻ, വി കെ ജോസഫ്, എം ഹംസ, ഇ രാമചന്ദ്രൻഎന്നിവർ പങ്കെടുക്കും.

ജനുവരി 22 ന് വൈകിട്ട് 4.30 ന് നടക്കുന്ന സമാപനസമ്മേളനത്തിൽ പി ഉണ്ണി എംഎൽഎ, വി കെ ശ്രീരാമൻ, മധുപാൽ, സക്കറിയ മുഹമ്മദ്, എസ് അജയകുമാർ, ജി പി രാമചന്ദ്രൻ എന്നിവർ സംബന്ധിക്കും. ഫെസ്റ്റിവൽ ഡയറക്ടർ എൻ ദിനേഷ് ബാബു, ഇ ജയകൃഷ്ണൻ, പി സുബൈദ, ജി പി രാമചന്ദ്രൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പാലക്കാട് എൻഎസ്എസ് എഞ്ചിനീയറിംഗ് കോളേജിന് ദേശീയ അംഗീകാരം

പാലക്കാട്: എൻ എസ് എസ് എഞ്ചിനീയറിംഗ് കോളേജിന് ദേശീയ അംഗീകാരം. കേരളസർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന കോളേജിന് എഐസിടിയുടെ എൻബിഎ അക്രഡിറ്റേഷനാണ് ലഭിച്ചത്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ, ഇൻസ്ട്രുമെന്റേഷൻ ആന്റ് കൺട്രോൾ എഞ്ചിനീയറിംഗ് എന്നി കോഴ്സുകൾക്കാണ് അംഗീകാരം ലഭിച്ചത്.

ഡൽഹി ഐഐടിയിലെ ഇലക്ട്രിക്കൽ വിഭാഗം മുൻ മേധാവി ഡോ എം എൽ കോത്താരിയുടെ നേതൃത്വത്തിലുള്ള 11 അംഗ സമിതി മൂന്നുദിവസം കോളേജിന്റെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളും സൗകര്യങ്ങളും വിശദമായി വിലയിരുത്തിയശേഷമാണ് അംഗീകാരം നൽകിയതെന്ന് പത്രസമ്മേളനത്തിൽ പ്രിൻസിപ്പൾ ടി സുധ, സ്റ്റാഫ് സെക്രട്ടറി കെ ആർ കിരൺ, ഡോ സിന്ധു, ഡോ ഉമാ ദേവി, പ്രൊഫ ശരത് വി എസ്, വാസുദേവൻ പിള്ള, കെ പി രാജി, കൃഷ്ണചന്ദ്രൻ എന്നിവർ അറിയിച്ചു.

എല്ലാ വിവാഹ പർച്ചേസുകൾക്കും അഡ്വാൻസ് ബുക്കിംഗ് സൗകര്യം ലഭ്യമാണ്.

6 മാസത്തേക്ക് വരെ മുൻകൂട്ടി ബുക്ക് ചെയ്യാം

അഡ്വാൻസ് കാലാവധി	അടയ്ക്കേണ്ട തുക
10 ദിവസം	10%
20 ദിവസം	20%
30 ദിവസം	30%
40 ദിവസം	40%
50 ദിവസം	50%
60 ദിവസം	60%

KALYAN JEWELLERS

ബുക്ക് ചെയ്യുന്ന ദിവസത്തെ സ്വർണ്ണവിലയോ, ആഭരണം വാങ്ങുന്ന ദിവസത്തെ സ്വർണ്ണവിലയോ, ഏതാണോ കുറവ് ആ വിലയ്ക്ക് ആഭരണങ്ങൾ സ്വന്തമാക്കാം.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കൂ
9446898850 (G.B. ROAD, PALAKKAD)

117 BRANCHES SPREAD ACROSS INDIA AND MIDDLE EAST | SHOP ONLINE AT WWW.KALYANJEWELLERSONLINE.COM
OPEN ON ALL SUNDAYS | FOLLOW US ON TOLL FREE - 1800 425 7333

ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ വാഹന പ്രചരണ ജാഥക്ക് ആറുകേന്ദ്രങ്ങളിൽ സ്വീകരണം നൽകും

പാലക്കാട്: കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ 54-ാം സംസ്ഥാന സമ്മേളനം ഈ മാസം 25 മുതൽ 29 വരെ കോഴിക്കോട് വെച്ച് നടക്കും. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, മറ്റ് വ്യാപാര സംഘടനാ നേതാക്കൾ എന്നിവർ പങ്കെടുക്കും.

സമ്മേളനത്തിന്റെ നടത്തിപ്പിന് ആവശ്യമായ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 200ൽപരം സ്റ്റാളുകളുടെ എക്സിബിഷൻ, പ്രതിനിധി സമ്മേളനം, ഭക്ഷ്യമേള, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാപരിപാടികൾ എന്നിവ സമ്മേളനത്തോടനുബന്ധിച്ച് നടക്കും.

29 ന് നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സമ്മേളനം വിജയിപ്പിക്കുന്നതിനായി പാറശ്ശാലയിൽ നിന്നാരംഭിച്ച വാഹന പ്രചരണ ജാഥ ഈ മാസം 13 ന് ജില്ലയിലെത്തും. ചാലിശ്ശേരിയിലെത്തുന്ന ജാഥയ്ക്ക് രാവിലെ 10 ന് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മേലെ പട്ടാമ്പിയിൽ വെച്ച് സ്വീകരണം നൽകും. സംസ്ഥാന വർക്കിംഗ് പ്രസിഡന്റും ജാഥാ ക്യാപ്റ്റനുമായ ജി കെ പ്രകാശ് നയിക്കുന്ന വാഹന പ്രചരണ ജാഥയിൽ പി പി അബ്ദുൾ റഹ്മാൻ കെ വി ഷംസുദ്ദീൻ, കെ എച്ച് അബ്ദുള്ള സാജൻ വയനാട്, നാരായണൻ കണ്ണൂർ, സുന്ദരൻ തൃശൂർ എന്നിവർ അംഗങ്ങളാണ്.

ജിഎസ്ടി കോമ്പോ സെക്ഷൻ സ്കീം തെരഞ്ഞെടുത്ത ഹോട്ടലുകൾക്ക് അഞ്ച് ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറയ്ക്കുക, ഹോട്ടൽ വ്യവസായത്തെ ചെറുകിട വ്യവസായമായി അംഗീകരിക്കുക, ഓൺലൈൻ ഭക്ഷണ വ്യാപാരരംഗത്ത് വൻകിട കുത്തകകളുടെ കടന്നുകയറ്റം അവസാനിപ്പിക്കുക, പ്രളയദുരന്തത്തിൽ അകപ്പെട്ട ഹോട്ടൽ വ്യാപാരികൾ സഹായം നൽകുക, സ്ട്രീറ്റ് വെന്റേഴ്സ് ആക്ട് നടപ്പിലാക്കുക തുടങ്ങി ആവശ്യങ്ങളുന്നയിച്ച് നടക്കുന്ന വാഹനപ്രചരണജാഥക്ക് 11.30 ന് ഒറ്റപ്പാലം മുൻസിപ്പൽ ബസ് സ്റ്റാന്റ് പരിസരം, ഉച്ചക്ക് 1.30 ന് ആലത്തൂർ ദേശീയ മൈതാനം, വൈകിട്ട് 4.30 ന് ചിറ്റൂർ അണിക്കോട് ജംഗ്ഷൻ, 5.30 ന് പാലക്കാട് സ്റ്റേഡിയം ബസ്റ്റാന്റ് എന്നിവിടങ്ങളിൽ സ്വീകരണം നൽകും. രാത്രി 7.30 ന് മണ്ണാർക്കാട് പഴേരി കോംപ്ലക്സിൽ സമാപന സ്വീകരണ യോഗം നടക്കും.

ജില്ലയിലെ എംപിമാർ, എംഎൽഎമാർ, നഗരസഭ ചെയർമാൻമാർ, ജില്ലാ -ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർ, വ്യാപാര സംഘടനാ നേതാക്കൾ, ജനപ്രതിനിധികൾ എന്നിവർ വിവിധ സ്വീകരണ യോഗങ്ങളിൽ പങ്കെടുത്ത് സംസാരിക്കും.കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എ മുഹമ്മദ് റാഫി, സംസ്ഥാന വൈസ് പ്രസിഡന്റ് റസാക് എൻഎംആർ, ജില്ലാ സെക്രട്ടറി കെ പി ജയപ്രകാശ്, രക്ഷാധികാരി പിഎം ഹബീബ് റഹ്മാൻ ഹാജി, ഭാരവാഹികളായ എൻ ആർ ചിന്മയാനന്ദൻ, സി സന്തോഷ്, ഇ എ നാസർ, കെ ഷംസുദ്ദീൻ, പി എം ഷിനാജ് റഹ്മാൻ, പി നടരാജൻ, കെ ശ്രീനിവാസൻ, ടി ശ്രീജൻ, എ കെ മുസ്തഫ, സി അരവിന്ദാക്ഷൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.